## ERNAKULAM MUNICIPALITY

*55. [27] **Sri. P. T. Chacko:** Will the Hon'ble Minister for Local Self Government be pleased to State.—

(*a*) whether it is a fact that the Ernakulam Municipality applied for sanction of Government to appoint a nurse belonging to the Red Cross Society;

(*b*) whether the Government have given the sanction; and

(*c*) if not, why?

*Minister for Industries, Excise and Local Self Government* **(Sri. N. Kunjuraman):**

(*a*) Yes.

(*b*) Yes.

(*c*) In view of the answer to (*b*), this question does not arise.

**Sri. K. A. Mathew:** On a point of information.

**Mr. Speaker:** If it is a matter that can wait. The member may raise it after the adjournments motions are disposed of.

ശ്രീ. കെ. എ. മാത്യു: ഇന്നലെ ആൻസർ ചെയ്യണ്ടതായിട്ടുള്ള കസ്റ്റ്യൻസ് നേരത്തെ കിട്ടിയിട്ടുണ്ടായിരുന്നു. ഇന്നലെ ഒഴിവുദിവസമായിരുന്നതിനാൽ അതു് വേറെ ഒരു ദിവസം ആൻസർ ചെയ്യുന്നതിനു് സൗകര്യമുണ്ടാക്കുമോ എന്നറിഞ്ഞാൽകൊള്ളാം.

**Mr. Speaker:** All those questions—starred and unstarred—will be treated as unstarred questions for the day and the answers will be placed on the table.

## Written Answers

### പുകയില വില്പന ലൈസൻസു്

*൪൦. (൨൯) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ പുകയില വില്പനയ്ക്കു 'സി' ലൈസൻസു് ബി ലൈസൻസിനോടൊപ്പം കൊടുക്കാതിരുന്നതു എന്തുകൊണ്ടു്;

(ബി) അങ്ങനെ കൊടുക്കാതിരുന്നതുകൊണ്ടു കൂടുതൽ 'ബി' ലൈസൻസുകാരും കച്ചവടക്കാർ എടുക്കേണ്ടതായി വന്നിട്ടില്ലേ;

(സി) 'ബി' ലൈസൻസുകളിൽനിന്നും വല്ല പരാതിയും അതു സംബന്ധിച്ചു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ബി ലൈസൻസുകളുടെ എണ്ണം കുറവായിരുന്നതിനാലും സി ലൈസൻസുകളുടെ എണ്ണം ബി ലൈസൻസുകളെ അപേക്ഷിച്ചു് വളരെ കൂടുതൽ ആയിരുന്നതിനാലും ബി ലൈസൻസിനോടൊപ്പം സി ലൈസൻസുകളും കൊടുക്കാൻ സമയം ഇല്ലായിരുന്നു.

(ബി) ഇല്ല.

(സി) ഇതു സംബന്ധിച്ചു ബി ലൈസൻസികളിൽനിന്നും യാതൊരു പരാതിയും കിട്ടിയിട്ടില്ല.

### മട്ടാഞ്ചേരി കയർ മാർക്കറ്റിംഗ് സൊസൈറ്റിനിവേദനം

*൪൧. (൩൦) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മട്ടാഞ്ചേരി കയർ മാർക്കറ്റിംഗ് സൊസൈറ്റിയിൽനിന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണു് നിവേദനം;

LIBRARY ARCHIVES Kerala Legislative Assembly